# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3400      23/06/2014-ൽ മറുപടിയ്ക്ക്

### മത്സ്യകയറ്റുമതി രംഗത്തെ പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന്റെ പങ്ക് എത്ര ശതമാനമാണെന്ന് അറിയിക്കാമോ; | (എ) എം.പി.ഇ.ഡി.എ-യിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2013-14 വർഷത്തിൽ മത്സ്യ കയറ്റുമതി രംഗത്ത് കേരളത്തിന്റെ വിഹിതം 17% ആണ്. |
| (ബി) 2012-14 കാലയളവിൽ ഈ രംഗത്ത് ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) എം.പി.ഇ.ഡി.എ-യിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് കേരളത്തിൽ നിന്നുള്ള മത്സ്യ കയറ്റുമതി രംഗത്ത് 2013-14 വർഷം, 2012-13-നേക്കാൾ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. 2012-14 കാലയളവിൽ കേരളത്തിലെ മത്സ്യ കയറ്റുമതിയുടെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | കയറ്റുമതി(മെട്രിക് ടൺ) |
|---|---|
| 2012-13 | 166399 |
| 2013-14 | 165698 |

| | |
|---|---|
| (സി) ഗുണമേന്മയുള്ള കയറ്റുമതി ലക്ഷ്യം വച്ച് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പു സാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) എം.പി.ഇ.ഡി.എ-യിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള കയറ്റുമതി ലക്ഷ്യം വച്ച് നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം.

1) അധികമായി ചൂഷണം ചെയ്യപ്പെടാത്ത ചൂര മീൻ പോലെയുള്ള വിഭവങ്ങളെ കയറ്റുമതി രംഗത്ത് കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി യാനങ്ങളെ പരിഷ്ക്കരിക്കുന്നതിനായി ധനസഹായം നൽകുന്നു.
2) ട്യൂണ ലോങ് ലൈൻ നിർമ്മാണത്തിനായി പലിശ സബ്സിഡി നൽകുന്നു.
3) പിടിച്ചെടുക്കുന്ന മത്സ്യം മെച്ചപ്പെട്ട രീതിയിൽ സംസ്ക്കരിക്കുന്നതിനായി ധനസഹായം നൽകുന്നു.
4) പുതിയ ചെമ്മീൻ ഫാമുകൾ ആരംഭിക്കുന്നതിനും ചെറുകിട/ഇടത്തരം ചെമ്മീൻ ഹാച്ചറികൾ തുടങ്ങുന്നതിനും സബ്സിഡി നൽകി വരുന്നു.
5) ഹാച്ചറികളിലും പ്രൈവറ്റ് ലാബുകളിലും പി.സി.ആർ. ലാബുകൾ ആരംഭിക്കുന്നതിനായി സബ്സിഡി നൽകുന്നു.
6) എഫ്ളുവന്റ് ട്രീറ്റ്മെന്റ് സിസ്റ്റം (ഇ.റ്റി.എസ്) ചെമ്മീൻ ഹാച്ചറികളിലും ഫാമുകളിലും സ്ഥാപിക്കുന്നതിനായി സബ്സിഡി നൽകുന്നു.
7) കേരളത്തിലെ പാടശേഖരങ്ങളിൽ ആറ്റുകൊഞ്ച് കൃഷിക്കായി സബ്സിഡി നൽകുന്നു.
8) അലങ്കാര മത്സ്യവിത്ത് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നു.
9) ചെമ്മീൻ/ആറ്റുകൊഞ്ച് ജൈവ കൃഷിക്കായി ധനസഹായം നൽകി വരുന്നു.
10) മൂല്യവർദ്ധിത ചൂര ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള മെഷീനുകൾ സ്ഥാപിക്കുന്നതിനായി സബ്സിഡി നൽകി വരുന്നു.
11) റഫ്രിജിറേറ്റഡ് ട്രക്ക്/കണ്ടെയ്നർ വാങ്ങുന്നതിനായിട്ടുള്ള ധനസഹായം നൽകി വരുന്നു.
12) വൻകിട ശീതീകരണ ശാല സ്ഥാപിക്കുന്നതിനായി ധനസഹായം നൽകി വരുന്നു.
13) നിലവിലുള്ള ഐസ് പ്ലാന്റുകൾ നവീകരിക്കുന്നതിനും പുതിയ/ആധുനിക ഐസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനും സബ്സിഡി നൽകി വരുന്നു.
14) ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.
15) ശീതീകരിച്ച മത്സ്യ വിഭവങ്ങളുടെ കയറ്റുമതിക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു.

16) കയറ്റുമതി ചെയ്യുന്നതിനായുള്ള മത്സ്യത്തിന്റെ പരിപാലനം/ഉണക്കൽ/ പായ്ക്കിംഗ്/സംഭരണം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകി വരുന്നു.

17) സീ ഫുഡ് യൂണിറ്റുകൾ നവീകരിക്കുന്നതിനായി പലിശ സബ്സിഡി നൽകി വരുന്നു.

18) ആധുനിക സംവിധാനങ്ങളോടു കൂടിയ പ്രാഥമിക മത്സ്യ സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ധനസഹായം നൽകുന്നു.

19) ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള മിനി ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകി വരുന്നു.

20) സംസ്ക്കരണ പ്ലാന്റ് ഉടമകൾക്ക് ബാങ്ക് വായ്പയിന്മേൽ പലിശ സബ്സിഡി നൽകി വരുന്നു.

21) സീ ഫുഡ് സംസ്ക്കരണ യൂണിറ്റുകളിലെ തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു.

22) അലങ്കാര മത്സ്യം/അക്വേറിയം ചെടികൾ എന്നിവയുടെ കയറ്റുമതിയെ വികസിപ്പിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

സെക്ഷൻ ആഫീസർ